പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3276 — 14.10.2011 ൽ മറുപടിയ്ക്ക്

വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. എസ്. സുനിൽ കുമാർ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വീടിന് മുകളിലൂടെ കടന്നുപോകുന്ന വൈദ്യുതി ലൈനുകൾ കെ.എസ്.ഇ.ബി.യുടെ ചെലവിൽ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (എ) നിലവിലുള്ള നിയമപ്രകാരം വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടതായ തുക അപേക്ഷകൻ ബോർഡിൽ അടയ്ക്കേണ്ടതാണ്. എന്നാൽ 14.01.2009 ലെ ബോർഡ് ഉത്തരവ് പ്രകാരം ജനവാസമുള്ള പ്രദേശങ്ങളിലൂടെ കടന്നു പോകുന്ന വൈദ്യുത ലൈനുകൾ പൊതുവഴിയിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. ഇതിന് നിലവിലുള്ള ലൈനുകളെ അപേക്ഷിച്ച് ദൈർഘ്യം കുറഞ്ഞ മറ്റൊരു റൂട്ടിലൂടെ ലൈൻ വലിക്കുവാൻ സാധിക്കണം. കൂടാതെ എസ്റ്റിമേറ്റ് തുക അഞ്ച് ലക്ഷം രൂപയിൽ കവിയാതിരിക്കുകയും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് ഇതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുകയും വേണം. |
| (ബി) ദരിദ്ര കുടുംബങ്ങളുടെ വീടിനു മുകളിലൂടെ പോകുന്ന വൈദ്യുതി ലൈനുകൾ അപകടം സൃഷ്ടിക്കുന്ന തരത്തിൽ നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (ബി) ചില സ്ഥലങ്ങളിൽ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട് |
| (സി) സ്വകാര്യ വ്യക്തികളുടെ വസ്തുവകകളുടെ മുകളിലൂടെ കടന്നു പോകുന്ന വൈദ്യുതി ലൈനുകൾ പൊതുവഴികളിലേക്ക് സർക്കാർ ചെലവിൽ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) നിലവിലുള്ള നിയമമനുസരിച്ച് സ്വകാര്യവ്യക്തികളുടെ വസ്തുവകകളിലൂടെ കടന്നുപോകുന്ന വൈദ്യുതി ലൈനുകൾ പൊതുവഴികളിലേക്ക് ബോർഡിന്റെ ചെലവിൽ മാറ്റി സ്ഥാപിക്കാൻ നിർവ്വാഹമില്ല |

സെക്ഷൻ ഓഫീസർ